## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 483 26.04.2017- ൽ മറുപടിക്ക്**

### "വ്യവസായ നയം "

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, വി.പി.സജീന്ദ്രൻ

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പുതിയൊരു വ്യവസായ നയത്തിന് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) & ബി) | ഉണ്ട്. യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തിയുള്ളതാണ് സർക്കാരിന്റെ പരിഗണനയിലുള്ള വ്യവസായ നയം. വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും, പാരിസ്ഥിതിക/ മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികളും ക്ലിയറൻസുകളും ഓൺ ലൈൻ സംവിധാനങ്ങൾ വഴി നൽകുക, ഭൂമി അനുവദിക്കുന്നതിന് അലോട്ട്മെന്റ് പോളിസി, നിക്ഷേപ സൗഹൃദ എക്സിറ്റ് പോളിസി, വിദ്യാർത്ഥി, യുവ, വനിത സംരംഭകർക്ക് പ്രോത്സാഹനം, പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതികൾ, ലൈഫ് സയൻസ് ഭക്ഷ്യ സംസ്കരണം ഫാർമസ്യൂട്ടിക്കൽസ് മേഖലകൾക്ക് ഊന്നൽ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ടി |
| ബി) | സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കാൻ എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നയത്തിൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നു. |
| സി) | പ്രസ്തുത നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി) | വ്യവസായ നയത്തിന്റെ കരട് സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**